ബി. എ. ഇസ്ലാമിക് ഹിസ്റ്ററി ഡിഗ്രി കോഴ്സ്

2 (1075) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ ഗവൺമെന്റ് കോളേജിൽ പുതുതായി ബി. എ. ഇസ്ലാമിക് ഹിസ്റ്ററി ഡിഗ്രി കോഴ്സ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് നൽകിയ നിവേദനത്തിന്റെ നിലവിലെ അവസ്ഥ എന്താണ്;

(ബി) ബന്ധപ്പെട്ട ഫയലിൽ (ഹയൽ നമ്പർ 25922/B3/H education/15 dt. 13-8-2015) പ്രസ്തുത ഡിഗ്രി കോഴ്സ് ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) ഗവൺമെന്റ് കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നതു സംബന്ധിച്ച് കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. പുതിയ കോഴ്സുകൾ അനുവദിക്കുന്ന വിഷയം പരിഗണിക്കുമ്പോൾ ആറ്റിങ്ങൽ ഗവൺമെന്റ് കോളേജിൽ ബി.എ. ഇസ്ലാമിക് ഹിസ്റ്ററി കോഴ്സ് അനുവദിക്കുന്നതു സംബന്ധിച്ച വിഷയവും പരിശോധിക്കുന്നതാണ്.

എം.ജി. യൂണിവേഴ്സിറ്റിയുടെ ഓഫ് കാമ്പസ് സെന്ററുകൾ

3 (1076) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.ജി. യൂണിവേഴ്സിറ്റിയുടെ ഓഫ് കാമ്പസ് സെന്ററുകൾ പൂട്ടിയതുമൂലം വിദ്യാർത്ഥികൾക്കുണ്ടായ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത സെന്ററുകളിലൂടെ യൂണിവേഴ്സിറ്റിക്ക് എത്ര രൂപ പ്രതിവർഷം ഫീസിനിത്തിലും മറ്റുമായി ലഭിക്കുമായിരുന്നു എന്ന് വെളിപ്പെടുത്തുമോ :

(സി) മറ്റേതെങ്കിലും യൂണിവേഴ്സിറ്റിയുടെ ഓഫ് കാമ്പസ് സെന്ററുകൾ പൂട്ടിയിട്ടുണ്ടോ ; വ്യക്തമാക്കുമോ;

(ഡി) എം.ജി. യൂണിവേഴ്സിറ്റിയുടെ പ്രസ്തുത സെന്ററുകൾ തുടരേണ്ടതില്ല എന്ന് തീരുമാനിച്ചതിന്റെ കാരണങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഫീസിനത്തിലും മറ്റുമായി യൂണിവേഴ്സിറ്റിക്ക് പ്രസ്തുത സെന്ററുകളിലൂടെ 9,23,51,385 രൂപ (ഒൻപത് കോടി ഇരുപത്തിമൂന്ന് ലക്ഷത്തി അൻപത്തിയൊന്നായിരത്തി മുന്നൂറ്റി എൺപത്തഞ്ച് രൂപ മാത്രം) 2014-15 സാമ്പത്തിക വർഷത്തിൽ ലഭിച്ചിരുന്നു.

(സി) ഉണ്ട്. കാലിക്കറ്റ്/കേരള സർവ്വകലാശാലകളുടെ ഓഫ് കാമ്പസ്/ ലേണർ സപ്പോർട്ട് സെന്ററുകൾ പൂട്ടിയിട്ടുണ്ട്.

(ഡി) യു.ജി.സി. മാനദണ്ഡങ്ങൾ പാലിക്കാതെയും സർക്കാർ അനുമതി വാങ്ങാതെയും ആരംഭിച്ച പ്രസ്തുത സെന്ററുകൾ യു.ജി.സി.-യുടെയും ഗവൺമെന്റിന്റെയും ബഹുമാനപ്പെട്ട ചാൻസലറുടെയും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് തുടരേണ്ടതില്ലെന്ന് തീരുമാനിച്ചത്.

വൈസ് ചാൻസലർ, പ്രോ-വൈസ് ചാൻസലർ നിയമനം

4 (1078) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരെയൊക്കെയാണ് വൈസ് ചാൻസലർമാരായും പ്രോ -വൈസ് ചാൻസലർമാരായും നിയമിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത വ്യക്തികളിൽ പലതരത്തിലുള്ള ആരോപണങ്ങൾ നേരിടുന്നവരും, വ്യാജ യോഗ്യത സർട്ടിഫിക്കറ്റുകളും സത്യവാങ്മൂലങ്ങളും നൽകി നിയമനം നേടിയവരും ആരെല്ലാമാണ് എന്നറിയിക്കുമോ;

(സി) പ്രസ്തുത വ്യക്തികളിൽ പുറത്താക്കപ്പെട്ടവർ ആരെല്ലാമാണെന്നും ആരോപണ വിധേയരായി തുടരുന്നവർ ആരെല്ലാമാണെന്നും എന്തെല്ലാം ആരോപണങ്ങളും/ പരാതികളും ഇവരുടെ പേരിലുണ്ട് എന്നും വ്യക്തമാക്കുമോ;

(ഡി) എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അന്വേഷണത്തിന്റെ റിപ്പോർട്ട് എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ഇ) മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്നും പുറത്താക്കപ്പെട്ട വൈസ്ചാൻസലർ സർവ്വകലാശാലയിൽ നിന്നും കൈപ്പറ്റിയ മൊത്തം തുക എത്രയാണ്; ഇവയിൽ ഒരുഭാഗം അനധികൃത കൈപ്പറ്റലാണെന്ന പരാതി പരിശോധിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; പ്രസ്തുത വ്യക്തി അനധികൃതമായി കൈക്കലാക്കിയ തുക തിരിച്ചുപിടിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കും എന്നും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly